**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2482** **15-10-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയിലെ പുനരുജ്ജീവന പാക്കേജുകളോട് ബാങ്കുകളുടെ സമീപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ മേഖലയുടെ പുനരുജ്ജീവനത്തിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുന്ന പാക്കേജുകളോട് ബാങ്കുകൾ പൂർണ്ണമായും അനുകൂല നിലപാട് സ്വീകരിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വ്യവസായ സംരംഭകരുമായി ബന്ധപ്പെട്ട് ബാങ്കുകൾ സഹകരിക്കാതെ വരുന്നതായുള്ള ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെടുന്ന അവസരങ്ങളിൽ ബന്ധപ്പെട്ട ബാങ്കേഴ്സ് കമ്മിറ്റിയിൽ വിഷയം അവതരിപ്പിച്ച് പ്രശ്നപരിഹാരം തേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനം പ്രഖ്യാപിക്കുന്ന പുനരുജ്ജീവന പാക്കേജുകൾ പൂർണ്ണമായും ഫലപ്രദമാകുന്നതിന് ബാങ്കുകളുടെ സമീപനത്തിൽ മാറ്റമുണ്ടാകണം എന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനം പ്രഖ്യാപിക്കുന്ന പുനരുജ്ജീവന പാക്കേജുകൾ പൂർണ്ണമായും ഫലപ്രദമാകുന്നതിന് ബാങ്കുകളുടെ പൂർണ്ണമായ സഹകരണം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗുകളിൽ ആവശ്യപ്പെടാറുണ്ട്. ഇക്കാര്യത്തിൽ അനുകൂലമായ സമീപനം ബാങ്കുകൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ